DESPATCHED
On...22/06/2020
18/05/2020.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1583*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **11315**/*എസ്.ഐ.സി-ജി 6/19*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഡി.ജയനാരായണ,
തായന്നൂർ ഹൗസ്,
ആർ.ഡി.നഗർ, മീപ്പുഗിരി – 671 124,
കാസറഗോഡ്. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പേഴ്സണൽ അസിസ്റ്റന്റ്,
ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കാസറഗോഡ്,
പിൻ – 671 121.

2. അപ്പീൽ അധികാരി&
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
കാസറഗോഡ്.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.04.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.05.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.06.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഡി.ജയനാരായണ, 28.06.2019ന്

സമർപ്പിച്ച അപ്പീൽ ഹർജി 03.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1583(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ വിവരങ്ങൾ നൽകിയില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ടിയാനോട് മോശമായാണ് പെരുമാറിയതെന്നും ടിയാന് ന്യായമായി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ വിവരാവകാശ നിയമത്തെ തെറ്റായി വ്യാഖ്യാനിച്ച് വിവര ങ്ങൾ നൽകാതിരുന്ന എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.03.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 29.03.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖ പ്പെടുത്തി 05.04.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.05.2019ന് മറുപടി നൽകിയ തായും കാണുന്നു.

4. 03.12.2019ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടിയിൽ തൃപ്താനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലി ന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 22.04.2019ന് ടിയാനെ നേരിൽ കേൾക്കാൻ അറിയിപ്പു നൽകിയിരുന്നെങ്കിലും വ്യക്തിപരമായ കാരണങ്ങളാണ് അന്നേദിവസം ഹാജരാകാൻ അസൗകര്യം അറിയിച്ചതിനാൽ 14.05.2019ന് വീണ്ടും ടിയാനെ നേരിൽ കേൾക്കാൻ അറിയിപ്പു നൽകിയെങ്കിലും ടിയാൻ യഥാസമയം ഹാജരായില്ലെന്നുമാണ്. അന്നേദിവസം രണ്ടാം എതിർകക്ഷിയ്ക്ക് അടിയന്തിര യോഗത്തിൽ പങ്കെടുക്കേണ്ടതുണ്ടായിരുന്നുവെന്നും ആയതിനാൽ സമയക്കുറവു മൂലം ടിയാന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ തൃപ്തനായിരുന്നില്ലെന്നും ടി അവസരത്തിൽ പ്രധാനാധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറ പ്പെടുവിച്ച ഉത്തരവുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ടിയാനെ ബോധ്യപ്പെടുത്താ നുള്ള ശ്രമം നടത്തിയെങ്കിലും ടിയാൻ വിയോജിപ്പ് രേഖപ്പെടുത്തിയെന്നും ആക യാൽ ടി കാര്യാലയത്തിൽ നിന്നും ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിവരങ്ങള ല്ലാതെ കൂടുതൽ വിവരങ്ങളൊന്നും ടിയാന് നൽകാൻ സാധ്യമായിരിന്നില്ല എന്നുമാ ണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷി കളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

എന്നാൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയതെന്നും അപ്പീൽ അധികാരി ടിയാനോട് മോശമായി പെരുമാറിയെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ ഹൈസ്കൂളിനെ സംബന്ധിച്ച വിവരം മാത്രമേ ടി ഓഫീസിൽ നിന്ന് ലഭ്യമാവുകയുള്ളുവെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരന് വിവരാവകാശ നിയമം 7(9) പ്രകാരം രേഖകൾ പരിശോധിക്കാൻ അവസരം നൽകിയിട്ടില്ലെന്നും ബന്ധപ്പെട്ട എ.ഇ.ഒ. മാർക്ക് ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. അതോടൊപ്പം വിവരാവകാശ അപേക്ഷകരോട് മാന്യമായി പെരുമാറണമെന്ന് കമ്മീഷൻ ഒന്നും രണ്ടും എതിർകക്ഷികളെ താക്കീതു ചെയ്തുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 18-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/